കേരള സർക്കാർ ഫിഷറീസ് വകുപ്പ് ,ഫിഷറീസ് സ്റ്റേഷൻ വൈപ്പിൻ

ചെറു മത്സ്യബന്ധനത്തിന് എതിരെ ഫിഷറീസ് വകുപ്പിൻ്റെ നടപടി തുടരുന്നു.ബോധവൽക്കരണ പ്രവർത്തനവും നടപടിയും

ബോധവൽക്കരണ പരിപാടി

All Kerala fish Merchants Association ൻ്റെ കൂടി പ്രാതിനിധ്യത്തിൽ കാളമുക്ക് വള്ളക്കടവ് ഹാർബറിൽ വച്ച് മത്സ്യ കച്ചവടക്കാർ, ലേലക്കാർ, തരകൻമാർ, ഹാർബർ തൊഴിലാളി സംഘടന പ്രതിനിധികൾ, പരമ്പരാഗത മൽസ്യ തൊഴിലാളി സംഘടന പ്രതിനിധികൾ, ഫിഷറീസ് വകുപ്പ് - മറൈൻ എൻഫോഴ്സമെൻ്റ് പ്രതിനിധികൾ എന്നിവർ സംയുക്ത യോഗം ചേർന്ന് ചെറു മൽസ്യ ബന്ധനവും ലേലവും വിൽപ്പനയും ഒഴിവാക്കാൻ ഐക്യകണ്ഠേന തീരുമാനം എടുത്തു.

ചെറു മത്സ്യബന്ധനം നടത്തിയ മൂന്ന് വള്ളങ്ങൾ കൂടി പിടിയിൽ.5,100 കിലോ ചെറുമത്സ്യം പിടിച്ചെടുത്തു. 85,000 രൂപ പിഴയായി അടപ്പിച്ചു.

ചെറു മൽസ്യ ബന്ധനം തടയുന്നതിന് മുനമ്പം മെയിൻ ഹാർബർ കേന്ദ്രീകരിച്ച് 03/08/23 ന് ഫിഷറീസ് വകുപ്പ് - മറൈൻ എൻഫോഴ്സ്മെൻ്റ് ടീം നടത്തിയ മിന്നൽ പരിശോധനയിൽ ചെറു മൽസ്യ ബന്ധനം നടത്തിയ മൂന്ന് വള്ളങ്ങൾ കൂടി പിടിയിൽ.

മുനമ്പം മെയിൻ ഹാർബർ

കേന്ദ്രീകരിച്ച് മൽസ്യ ബന്ധനം നടത്തിയിരുന്ന നിവേദ്യം,മദീന 1,തുമ്പ എന്നീ വള്ളങ്ങൾ ആണ് ചെറു മത്സ്യ വുമായി പിടിയിലായത്. യാനങ്ങൾക്ക് നിയമപ്രകാരമുള്ള ഫിഷിംഗ് ലൈസൻസോ, കടൽ സുരക്ഷാ സംവിധാനങ്ങളോ ഇല്ലായിരുന്നു.

സർക്കാർ ഉത്തരവ് പ്രകാരം വേണ്ട മിനിമം ലീഗൽ സൈസ് ഇല്ലാത്ത ചെറു മീനുകൾ -

അയല 1200 കിലോ നിവേദ്യം വള്ളത്തിൽ നിന്നും മത്തി -3000 കിലോ മദീന 1 വള്ളത്തിൽ നിന്നും മത്തി 900 കിലോ തുമ്പ വള്ളത്തിൽ നിന്നും കണ്ടെടുത്തു.

മുനമ്പം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ സിന്ധു പി. പി യുടെ നേതൃത്വത്തിൽ വൈപ്പിൻ ഫിഷറീസ് സ്റേഷനിൽ നിന്നും ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെൻറ് ടീം ആണ് വള്ളങ്ങൾ കസ്റ്റഡിയിൽ എടുത്തത്.

നിവേദ്യം വള്ളത്തിന് 50000 രൂപയും മദീന 1 വള്ളത്തിന് 25000 രൂപയും തുമ്പ വള്ളത്തിന് 10000 രൂപയും പിഴ ഈടാക്കി. പിടിച്ചെടുത്ത ചെറു മത്സ്യം കടലിൽ നിക്ഷേപിച്ചു.



ചെറു മത്സ്യബന്ധനം

# മുനമ്പത്തുനിന്ന് മൂന്നു വള്ളങ്ങൾ പിടികൂടി

**▶ 85,000 രൂപ പിഴ അടപ്പിച്ചു**

**വൈപ്പിൻ:** ചെറുമത്സ്യങ്ങൾ പിടികൂടുന്ന യാനങ്ങൾക്കെതിരെ ഫിഷറീസ് വകുപ്പ് തുടർന്നുവരുന്ന നടപടികളുടെ ഭാഗമായി മുനമ്പത്തുനിന്ന് മൂന്നു മത്സ്യബന്ധന വള്ളങ്ങൾ കസ്റ്റഡിയിലെടുത്തു. നിവേദ്യം, മദീന-1, തുമ്പ എന്നീ വള്ളങ്ങളാണ് കസ്റ്റഡിയിലെടുത്തത്. ഇവയിൽ നിന്ന് 5,100 കിലോ ചെറുമത്സ്യവും പിടിച്ചെടുത്തു. തുടർന്ന് 85,000 രൂപ പിഴ അടപ്പിച്ചു.

മുനമ്പം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പി.പി. സിന്ധുവിന്റെ നേതൃത്വത്തിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് ടീം ആണ് വള്ളങ്ങൾ കസ്റ്റഡിയിൽ എടുത്തത്. വൈപ്പിൻ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ പി. അനീഷ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്. ജയശ്രീ എന്നിവർ നടപടികൾ സ്വീകരിച്ചു.

ഫിഷറീസ് സ്റ്റേഷൻ - വൈപ്പിൻ

ഫിഷറീസ് വകുപ്പിൻറെ സ്പെഷ്യൽ പെർമിറ്റ് ഇല്ലാതെ മത്സ്യബന്ധനം നടത്തിയ ബോട്ട് പിടിയിൽ. 2,50,000 രൂപ പിഴ അടപ്പിച്ചു

ഫിഷറീസ് വകുപ്പിൽ നിന്നുള്ള നിയമപരമായ സ്പെഷ്യൽ പെർമിറ്റ്/ ഫിഷിംഗ് ലൈസൻസ് ഇല്ലാതെ മുനമ്പം മെയിൻ ഹാർബർ കേന്ദ്രീകരിച്ച് മൽസ്യ ബന്ധനം നടത്തിവന്നിരുന്ന മരിയ എന്ന ബോട്ട് ആണ് വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെ ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെൻറ് ടീം കസ്റ്റഡിയിൽ എടുത്തത്.

.

വളരെക്കാലമായി സ്പെഷ്യൽ പെർമിറ്റ് എടുക്കാതെ മത്സ്യബന്ധനം നടത്തിക്കൊണ്ടിരുന്ന യാനത്തെ വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ നിന്നുള്ള

ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെൻ്റ് ടീമാണ് കസ്റ്റഡിയിൽ എടുത്ത് ഇംപൗണ്ട് ചെയ്തത്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്. ജയശ്രീ തുടർനടപടികൾ സ്വീകരിച്ചു. യാനത്തിനു 2,50,000 രൂപ പിഴയായി സർക്കാരിലേക്ക് അടപ്പിച്ചു.

സ്പെഷ്യൽ പെർമിറ്റ് അല്ലെങ്കിൽ ഫിഷിംഗ് ലൈസൻസ് ഇല്ലാതെ മൽസ്യ ബന്ധത്തിന് പോകുന്ന യാനങ്ങൾക്ക് എതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു.

## ലൈസൻസ് ഇല്ലാതെ മീൻപിടിത്തം; ബോട്ട് പിടിയിൽ

**വൈപ്പിൻ**

ഫിഷിങ് ലൈസൻസ് ഇല്ലാതെ മുനമ്പം മെയിൻ ഹാർബർ കേന്ദ്രീകരിച്ച് മീൻപിടിത്തം നടത്തിയിരുന്ന 'മരിയ' ബോട്ട് പിടികൂടി. ബോട്ടിന് രണ്ടരലക്ഷം രൂപ പിഴ ഈടാക്കി.

വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ പി അനീഷിന്റെ നേതൃത്വത്തിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗമാണ് ബോട്ട് കസ്റ്റഡിയിലെടുത്തത്.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ് ജയശ്രീ തുടർ നടപടികൾ സ്വീകരിച്ചു. ഫിഷറീസ് വകുപ്പിന്റെ സ്പെഷ്യൽ പെർമിറ്റോ ലൈസൻസോ ഇല്ലാതെ മീൻപിടിക്കുന്ന യാനങ്ങൾക്ക് എതിരെ കർശനമായ നിയമ നടപടിയെടുക്കുമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു.

## പെർമിറ്റ് ഇല്ലാതെ മത്സ്യബന്ധനം; ബോട്ട് പിടിച്ചെടുത്തു; പിഴ ഈടാക്കി

**വൈപ്പിൻ:** ഫിഷറീസ് വകുപ്പിന്റെ സ്പെഷൽ പെർമിറ്റ് ഇല്ലാതെ മത്സ്യബന്ധനം നടത്തിയ ബോട്ട് പിടികൂടി. 2,50,000 രൂപ പിഴ അടപ്പിച്ചു. മുനമ്പം മെയിൻ ഹാർബർ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തി വന്ന മരിയ എന്ന ബോട്ട് ആണ് വൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ അസി. ഡയറക്ടർ പി. അനീഷിന്റെ നേതൃത്വത്തിലുള്ള സംഘം കസ്റ്റഡിയിൽ എടുത്തത്. യഥാസമയം ലൈസൻസ്/ പെർമിറ്റ് എന്നിവ പുതുക്കാതെ നടത്തുന്ന മത്സ്യബന്ധനം അനധികൃത മത്സ്യബന്ധനമായി കണക്കാക്കിയായിരുന്നു നടപടി. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്. ജയശ്രീ തുടർനടപടികൾ സ്വീകരിച്ചു. സ്പെഷൽ പെർമിറ്റ് അല്ലെങ്കിൽ ഫിഷിങ് ലൈസൻസ് ഇല്ലാതെ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് എതിരെ കർശനനിയമ നടപടികൾ സ്വീകരിക്കുമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു.




ലൈസൻസില്ലാതെ മത്സ്യബന്ധനം നടത്തിയതിന് ഫിഷറീസ് വകുപ്പ് കസ്റ്റഡിയിലെടുത്ത ബോട്ട്.

# ഫിഷിംഗ് ലൈസൻസ് ഇല്ല; ബോട്ട് പിടിച്ചെടുത്തു

**വൈപ്പിൻ:** ഫിഷറീസ് വകുപ്പിന്റെ സ്പെഷൽ പെർമിറ്റോ ഫിഷിംഗ് ലൈസൻസോ ഇല്ലാതെ മത്സ്യബന്ധനം നടത്തിയ ബോട്ട് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് കസ്റ്റഡിയിലെടുത്തു. നിയമം ലംഘിച്ചതിന് ബോട്ടുടമയിൽ നിന്ന് 2,50,000 രൂപ പിഴ ഈടാക്കി. മുനമ്പം ഹാർബർ കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തിയിരുന്ന 'മരിയ' ബോട്ട് ആണ് കസ്റ്റഡിയിലെടുത്തത്.

ഏറെ നാളായി ലൈസൻസില്ലാതെയാണ് ഈ ബോട്ട് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിവന്നിരുന്നത്. വൈപ്പിൻ ഫിഷറീസ് അസി. ഡയറക്ടർ പി. അനീഷ്, ഡെപ്യൂട്ടി ഡയറക്ടർ എസ്. ജയശ്രീ എന്നിവർ ചേർന്നാണ് നിയമനടപടികൾ സ്വീകരിച്ചത്.